Page 1 of 2

(സി) നിയമത്തിലെ വ്യവസ്ഥയും സുപ്രീംകോടതിയുടെ നിർദ്ദേശവും ലംഘിക്കപ്പെടുന്ന സംഭവങ്ങൾ ഗൗരവപൂർവ്വം കാണുകയും നടപടി സ്വീകരിക്കുകയും ചെയ്യുമോ ?

ഉത്തരം

(എ) കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ പ്രത്യേക ശുപാർശയുടെ അടിസ്ഥാനത്തിൽ വി.വി.ഐ.പി. മാർക്കും Z, Z+ കാറ്റഗറി സുരക്ഷ ഉള്ളവർക്കും സൺഫിലിമിൽ നിന്നും ഒഴിവുനൽകാവുന്നതാണ്.

(ബി) ഇക്കാര്യത്തിൽ സുപ്രീംകോടതിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല. ഇളവ് നൽകുന്നത് 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 100(4)-ന്റെ അടിസ്ഥാനത്തിലാണ്.

(സി) നടപടികൾ സ്വീകരിക്കുന്നുണ്ട്.

## റോഡ് സേഫ്റ്റി ഫണ്ട്

**315 (1986)** ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റോഡ് സേഫ്റ്റി ഫണ്ടിൽനിന്നും കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ മൂന്നുവർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

റോഡ് സേഫ്റ്റി ഫണ്ടിൽനിന്നും കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സൗത്ത് ഇന്ത്യ ട്രാൻസ്പോർട്ട് കൗൺസിൽയോഗം

**316 (1987)** ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 ഡിസംബറിൽ സൗത്ത് ഇന്ത്യ ട്രാൻസ്പോർട്ട് കൗൺസിലിന്റെ യോഗം നടത്തുകയുണ്ടായോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് യോഗത്തിൽ ചർച്ച ചെയ്തത് ; വിശദാംശങ്ങൾ എന്തെല്ലാം ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

of 2

(സി) സംസ്ഥാനത്തിന് ഗുണകരമാകുന്ന എന്തെല്ലാം ആവശ്യങ്ങളാണ് യോഗത്തിൽ ഉന്നയിച്ചത് ; വിശദമാക്കുമോ ;

(ഡി) യോഗത്തിൽ ചർച്ച ചെയ്ത കാര്യങ്ങളുടെ തുടർനടപടികൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) സൗത്ത് ഇന്ത്യ ട്രാൻസ്പോർട്ട് കൗൺസിലിന്റെ ഇരുപതാമത് സമ്മേളനം 2013 ഡിസംബർ 26, 27 തീയതികളിൽ തിരുവനന്തപുരത്തുവച്ച് നടന്നു. ഗോവ, കർണ്ണാടക, കേരള എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള ഗതാഗത വകുപ്പ് മന്ത്രിമാർ, ഗോവ, കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ള ഗതാഗത സെക്രട്ടറിമാരും ആന്ധ്ര, കേരളം, പോണ്ടിച്ചേരി, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നുള്ള ട്രാൻസ്പോർട്ട് കമ്മീഷണർമാരും മറ്റ് ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്ത സമ്മേളനം 26-ന് കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. 27-ാം തീയതിയിലെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തത് അന്നത്തെ കേന്ദ്ര റോഡ് ഗതാഗത വകുപ്പുമന്ത്രി ശ്രീ. ഓസ്കാർ ഫെർണാണ്ടസ് ആയിരുന്നു.

(ബി) അംഗ സംസ്ഥാനങ്ങൾ ഗതാഗത മേഖലയിൽ അഭിമുഖീകരിക്കുന്ന റോഡ് നികുതി, റോഡ് സുരക്ഷ, സ്ത്രീസുരക്ഷ, നിർഭയ ഫണ്ട് ഉൾപ്പെടെ 37 വിവിധ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി.

(സി) പൊതുജനങ്ങൾക്ക് ഗുണകരമായ വിധത്തിൽ നിയമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചും വിവിധ സംസ്ഥാനങ്ങളുമായി അന്തർ സംസ്ഥാന ഉടമ്പടികൾ പുതുക്കുന്നതു സംബന്ധിച്ചും, അന്തർസംസ്ഥാന മോട്ടോർ ക്യാബ് പെർമിറ്റുകളുടെ എണ്ണം 400-ൽ നിന്നും 2000 ആക്കുന്നതു സംബന്ധിച്ചും ചർച്ചകൾ നടന്നു. റോഡ് നികുതിയിലുള്ള അന്തരം കുറയ്ക്കുന്ന കാര്യവും ചർച്ച ചെയ്തു.

(ഡി) കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട കാര്യങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണർ നേരിട്ട് പോയി കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. തുടർനടപടികൾ പുരോഗമിക്കുന്നു. മറ്റ് സംസ്ഥാനങ്ങളുമായുള്ള വിഷയങ്ങളിൽ എല്ലാറ്റിനുംതന്നെ ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായി തുടർ നടപടികൾ പുരോഗമിക്കുന്നു.

**ആലപ്പുഴ ബോട്ടുജെട്ടിയിൽ പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾ**

**317 (1988)** ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജലഗതാഗത വകുപ്പ് ആസ്ഥാനത്തോട് ചേർന്ന് ആലപ്പുഴ ബോട്ടുജെട്ടിയിൽ പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾ അധികാരികളുടെ അനാസ്ഥയെത്തുടർന്ന് നാശോന്മുഖമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കെട്ടിടങ്ങൾ എന്തിനുവേണ്ടി നിർമ്മിക്കപ്പെട്ടതാണെന്നും ആയതിന് എത്ര തുകയായെന്നും ഇത് ഏതുപദ്ധതിയിൽ ഉൾപ്പെടുത്തി ആരാണ് നിർമ്മിച്ചതെന്നും അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly